പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2221 **27-10-2026-ൽ മറുപടിയ്ക്ക്**

സൈബർ കുറ്റകൃത്യങ്ങളും പ്രതിരോധ നടപടികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങളും സാമ്പത്തിക തട്ടിപ്പുകളും വർധിച്ചുവരുന്ന സാഹചര്യത്തിൽ, ഇവ ഫലപ്രദമായി അന്വേഷിക്കുന്നതിനായി സൈബർ പൊലീസ് സംവിധാനവും സാങ്കേതികസൗകര്യങ്ങളും ശക്തിപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: സൈബർ സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും തട്ടിപ്പിലൂടെ നഷ്ടപ്പെടുന്ന തുകയുടെ തുടർ കൈമാറ്റം തടയുന്നതിനുമായി കേരള പോലീസ് മുഖേന വിവിധ സാങ്കേതിക സംവിധാനങ്ങളും ഏകോപന നടപടികളും നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലുമായി (NCRP) ബാങ്കുകളുടെയും ടെലികോം സേവനദാതാക്കളുടെയും സംവിധാനങ്ങൾ സംയോജിപ്പിച്ചിട്ടുള്ളതിനാൽ, തട്ടിപ്പുമായി ബന്ധപ്പെട്ട ഇടപാടുകൾ തിരിച്ചറിഞ്ഞ് തുകയുടെ തുടർ കൈമാറ്റം തടയുന്നതിനും അന്വേഷണ നടപടികൾ വേഗത്തിലാക്കുന്നതിനും സാധിക്കുന്നു. കൂടാതെ, NCRP-യിൽ ലഭിക്കുന്ന അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ കേരള പോലീസിന്റെ ICOPS (Integrated Core Policing System) സംവിധാനവുമായി സംയോജിപ്പിച്ച് ഇ-സീറോ എഫ്.ഐ.ആർ. സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. എഫ് ഐ ആർ രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായി വരുന്ന സമയദൈർഘ്യം കുറയ്ക്കുന്നതിനും പരാതികളിൽ വേഗത്തിൽ നിയമനടപടികൾ ആരംഭിക്കുന്നതിനും ഈ സംവിധാനം സഹായിക്കുന്നു.

സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ റേഞ്ച്, ജില്ലാ തലങ്ങളിൽ സൈബർ പട്രോളിംഗ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. നിയമവിരുദ്ധമായ ഓൺലൈൻ ഉള്ളടക്കങ്ങൾ കണ്ടെത്തി നീക്കം ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ഈ ടീമുകൾ മുഖേന സാധിക്കുന്നു. കൂടാതെ, ഫോൺ നമ്പറുകൾ, വെബ്സൈറ്റുകൾ, ഇ-മെയിൽ വിലാസങ്ങൾ, മൊബൈൽ ആപ്ലിക്കേഷനുകൾ, URL-കൾ, ബാങ്ക് അക്കൗണ്ടുകൾ, IP വിലാസങ്ങൾ തുടങ്ങിയ ഡിജിറ്റൽ വിവരങ്ങൾ വിശകലനം ചെയ്ത് Trust Score നൽകുന്നതിലൂടെ സൈബർ തട്ടിപ്പുകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഡിജിറ്റൽ ഇടങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനുമായി കേരള പോലീസ് സൈബർ വിഭാഗം 'സൈബർ വാൾ' പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) വ്യാജ സമൂഹമാധ്യമ അക്കൗണ്ടുകൾ വഴി വ്യക്തികളെ അപകീർത്തിപ്പെടുത്തൽ, ഭീഷണിപ്പെടുത്തൽ, വ്യക്തിവിവരങ്ങൾ ചോർത്തൽ, ദുരുപയോഗംചെയ്യൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നിലവിൽ എന്തെല്ലാം നിരീക്ഷണ-നിയമനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

<u>മറുപടി:</u> വ്യാജ സമൂഹമാധ്യമ അക്കൗണ്ടുകൾ വഴി വ്യക്തികളെ അപകീർത്തിപ്പെടുത്തുക, ഭീഷണിപ്പെടുത്തുക, വ്യക്തിവിവരങ്ങൾ ചോർത്തുകയോ ദുരുപയോഗം ചെയ്യുകയോ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിയമനടപടിയും ഇത്തരം വ്യാജ അക്കൗണ്ടുകളും നിയമവിരുദ്ധമായ ഉള്ളടക്കങ്ങളും സൈബർ ഇടങ്ങളിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ റേഞ്ച് തലത്തിലും ജില്ലാ തലത്തിലും സൈബർ പട്രോളിംഗ് ടീം പ്രവർത്തിക്കുകയും നിയമവിരുദ്ധമായ ഉള്ളടക്കങ്ങൾ സൈബർ ഇടങ്ങളിൽനിന്ന് കണ്ടെത്തി നീക്കം ചെയുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) ഓൺലൈൻ സാമ്പത്തിക തട്ടിപ്പിലൂടെ പണം നഷ്ടപ്പെടുന്നവർക്ക് തുക അടിയന്തരമായി തിരികെ ലഭ്യമാക്കുന്നതിനായി 1930 ഹെൽപ്പ് ലൈൻ, ദേശീയ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടൽ എന്നിവ വഴി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും ഇതിലൂടെ ഇതുവരെ എത്ര തുക തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>മറുപടി:</u> സൈബർ സാമ്പത്തിക തട്ടിപ്പുകളിലൂടെ നഷ്ടപ്പെടുന്ന തുകയുടെ തുടർ കൈമാറ്റം തടയുന്നതിനും ഇരകൾക്ക് തുക തിരികെ ലഭ്യമാക്കുന്നതിനുമായി നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ (NCRP) ബാങ്കിംഗ് സംവിധാനങ്ങളുമായി സാങ്കേതിക സംയോജനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, CFCFRMS (Citizen Financial Cyber Fraud Reporting and Management System) മുഖേന തട്ടിപ്പുമായി ബന്ധപ്പെട്ട പരാതികളിലെ വിവരങ്ങൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറുകയും, തടഞ്ഞുവയ്ക്കാൻ സാധിക്കുന്ന തുക ഹോൾഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തുടർന്ന്, Money Restoration Module (MRM) മുഖേന പരാതിക്കാരന് തിരികെ ലഭ്യമാക്കാൻ സാധിക്കുന്ന തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും നിലവിലുള്ള നടപടിക്രമങ്ങൾക്കനുസൃതമായി തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കൂടാതെ, NCRP പോർട്ടലിലെ *Track Your Complaint* സൗകര്യത്തിലൂടെ പരാതിക്കാർക്ക് പരാതിയുടെ നിലവിലെ സ്ഥിതിയും സ്വീകരിച്ച തുടർനടപടികളും പരിശോധിക്കാവുന്നതാണ്. തിരികെ ലഭ്യമാക്കാൻ സാധിക്കുന്ന തുകയെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം സ്വയമേവ പരാതിക്കാരന് ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പരാതിയുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെയും തുടർനടപടികളുടെയും വിവരങ്ങൾ അറിയുന്നതിനായി 1930 എന്ന ടോൾ ഫ്രീ ഹെൽപ്‌ലൈൻ നമ്പറിലും 0471-2300042 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

ഈ സംവിധാനങ്ങളിലൂടെ സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികളിലെ തുടർനടപടികളിൽ സുതാര്യത ഉറപ്പാക്കുന്നതിനും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ സംസ്ഥാനത്ത് സൈബർ സാമ്പത്തിക തട്ടിപ്പിനിരയായവർക്ക് തിരികെ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Year	No.of Complaints Reported on NCRP	Total Amount Lost (In Cr)	Total Amount Saved (In Cr)

2021	3,993	10.7	Not available in NCRP
2022	10,535	48.31	4.38
2023	23,208	201.66	37.17
2024	44,958	764.9	109.65
2025	48,886	818.32	160.2
2026 Up to (23.10.2026)	38,743	440.81	114.03
Total	**1,70,823**	**2,284.7**	**425.43**

സെക്ഷൻ ഓഫീസർ